കഴിയുന്നു.

2. "രണ്ടു വാക്കുകൾ മാത്രം രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖ ത്തിന്റെ നിറവ്." ഇത്തരത്തിൽ അർഥപൂർണമായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

**ചർച്ചാസൂചനകൾ**

ഒരു ദേശം മുഴുവൻ ആ വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടപ്പോൾ പിതാവിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു. ആർക്കും വാക്കുകളില്ല. വാക്കുകൾക്ക് പ്രസക്തിയില്ല. കുട്ട്യസ്സൻ മാപ്പിളയും വെള്ളായിയപ്പനും തമ്മിൽ കാണുമ്പോൾ പരസ്പരം പേരുവിളിക്കുക മാത്രമാണ് ചെയ്യുന്നത്. ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു. നീലിയെ കാണുമ്പോഴും വെള്ളായിയച്ചോ.. നീലിയേ... എന്നിങ്ങനെ രണ്ടുവാക്കുകൾ മാത്രം. ആ വാക്കുകൾ കൊണ്ട് സാന്ത്വനിപ്പിക്കാൻ അവർ ശ്രമിക്കുന്നു.

റെയിൽവേസ്റ്റേഷനിലും ജയിലിലും എല്ലാം മൗനം തളം കെട്ടി നിൽക്കുന്നു. മരണത്തിന്റെ തണുത്ത മൗനമാണ് എങ്ങും. വെള്ളായിയപ്പന്റെ മൗനത്തിൽ ദുഃഖത്തിന്റെ കടലുണ്ട്. വെള്ളായിയപ്പൻ കണ്ടുണ്ണിയെ ജയിലിനുള്ളിൽ കണ്ടുമുട്ടുന്ന രംഗവും ദുഃഖസാന്ദ്രമാണ്. 'രണ്ടു വാക്കുകൾ മാത്രം. രണ്ടുവാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.' അവർ തമ്മിലുള്ള വിനിമയഭാഷ മൗനമാണ്. കണ്ടുണ്ണി കൊലപാതകം നടത്തിയോ, നടത്തിയെങ്കിൽ എന്തിനുവേണ്ടി തുടങ്ങിയ കാര്യങ്ങളിലും കഥാകൃത്ത് മൗനം പാലിക്കുന്നു. മൗനങ്ങളെല്ലാം പൂരിപ്പിക്കേണ്ടത് വായനക്കാരാണ്. കാരണം മൗനത്തിനുള്ളിൽ പറയാൻ കഴിയാത്ത അനേകം വസ്തുതകൾ,

വേദനകൾ ഉൾച്ചേർന്നിരിക്കുന്നു. വാക്കുകളേക്കാൾ മൗനത്തിന് കഥാകൃത്ത് ഈ കഥയിൽ സ്ഥാനം നൽകിയിരിക്കുന്നു.